(ബി) ഒരു വിദേശ സഞ്ചാരി കേരളത്തിൽ ഒരു ദിവസം താമസിക്കുമ്പോൾ ഉദ്ദേശം 2800 രൂപ ചെലവാക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വിദേശവിനോദ സഞ്ചാരികൾ കേരളത്തിൽ ചെലവാക്കുന്ന തുകയുടെ വിവരം രാജ്യങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ടിട്ടില്ല.

## കണ്ണൂർ ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

85(1564) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) തീർത്ഥാടന കേന്ദ്രമായ പറശ്ശിനിക്കടവിനെ ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കുവാനുള്ള കാലതാമസം എന്തുകൊണ്ടെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ താഴെപ്പറയുന്ന പ്രദേശങ്ങളാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്.

1. മീൻകുന്ന്
2. മുഴുപ്പിലങ്ങാട്
3. പയ്യാമ്പലം

(ബി) ഓരോ പ്രദേശത്തെയും ടൂറിസം സാധ്യതകൾ വിലയിരുത്തിയതിന് ശേഷമാണ് ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നത്. പറശ്ശിനിക്കടവിന്റെ ടൂറിസം സാധ്യതകൾ വിലയിരുത്തി വേണ്ട നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണ്.

## ടൂറിസം വകുപ്പിലെ മാനേജർ ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ

86(1565) ശ്രീ. കടവൂർ ശിവദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിൽ മാനേജർ ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) മാനേജർ ഗ്രേഡ്-2 തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേരെ നിയമിച്ചുവെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാനേജർ ഗ്രേഡ്-2 തസ്തികയിൽ നിലവിൽ ഒഴിവുകളൊന്നും തന്നെയില്ല.

(ബി) ടൂറിസം വകുപ്പിൽ മാനേജർ ഗ്രേഡ്-2 തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം ഇല്ല.

മണ്ഡല മകരവിളക്ക് കാലത്ത് ശബരിമല ദർശനം നടത്തിയ അയ്യപ്പഭക്തരുടെ എണ്ണം

87(1568) ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ മണ്ഡല മകരവിളക്ക് കാലയളവിൽ എത്ര അയ്യപ്പഭക്തർ ശബരിമല ദർശനത്തിന് എത്തിയെന്ന് അറിയിക്കാമോ;

(ബി) ഇതിൽ കേരളത്തിന് പുറത്തും വിദേശത്തുനിന്നും എത്ര പേർ ദർശനത്തിന് എത്തിയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 3 കോടിയിൽപ്പരം അയ്യപ്പഭക്തർ ശബരിമല ദർശനത്തിന് എത്തിയിട്ടുണ്ടാകാമെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. കൃത്യമായ കണക്ക് രേഖപ്പെടുത്താറില്ല.

(ബി) ഇപ്രകാരം വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ല എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ആക്ട് ഏകീകരണം

88(1569) ശ്രീ. എ. സി. ഷൺമുഖദാസ്:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ദേവസ്വം വക ക്ഷേത്രങ്ങളിലെ ഭരണം ഒരു ആക്ടിന്റെ പരിധിയ്ക്കുള്ളിൽ വരുത്തുന്നതിലുള്ള കാലതാമസംമൂലം ക്ഷേത്രങ്ങളുടെ ഭരണപരമായ കാര്യങ്ങളിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിശോധിക്കാൻ ഇന്നു നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly